**Malayala Manorama**
**30 August 2018**
**Kochi; After Flood**

# പ്രളയത്തിൽ മുടങ്ങിയ വിവാഹച്ചടങ്ങ് നടത്തി കരയോഗത്തിന്റെ മാതൃക

കൊച്ചി • പ്രളയക്കെടുതിയെ തുടർന്നു മുടങ്ങിയ വിവാഹം ഇന്നലെ എറണാകുളം കരയോഗത്തിന്റെ നേതൃത്വത്തിൽ ടിഡിഎം ഹാളിൽ നടന്നു.

പറവൂർ ചിറ്റാറ്റുകര സ്വദേശിയും എറണാകുളം നെട്ടൂർ സ്വദേശിനിയുമാണു വിവാഹിതരായത്. വിവാഹം പ്രളയക്കെടുതിയെ തുടർന്നു മുടങ്ങിയ സാഹചര്യത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് എറണാകുളം കരയോഗം ആവിഷ്കരിച്ച വിവാഹ പദ്ധതിയനുസരിച്ചുള്ള ആദ്യ വിവാഹമായിരുന്നു ഇത്.

രാവിലെ 11.45 നു കരയോഗം ജനറൽ സെക്രട്ടറി പി.കെ. രാമചന്ദ്രന്റെയും പ്രസിഡന്റ് കെ.പി.കെ. മേനോന്റെയും കാർമികത്വത്തിലായിരുന്നു താലികെട്ട്. തുടർന്നു കരയോഗത്തിന്റെ സമ്മാനങ്ങൾ വധൂവരന്മാർക്കു നൽകി. വിവാഹ സദ്യയും ഒരുക്കിയിരുന്നു. പ്രഫ. എം.കെ. സാനു, കെ.വി. തോമസ് എംപി, ഡോ. കെ.എസ്. രാധാകൃഷ്ണൻ, എൻ. വേണുഗോപാൽ, സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, കെ.എൽ. മോഹനവർമ തുടങ്ങിയവർ പങ്കെടുത്തു.